ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം

141 (3903) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്റ്റുഡിയോയുടെ വിപുലീകരണത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പുതുതായി എന്തെല്ലാം അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും സ്റ്റുഡിയോയിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ചിത്രാഞ്ജലിയിലെ ഫിലിം മ്യൂസിയം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വർഷം സ്റ്റുഡിയോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ലാബോറട്ടറി നവീകരണത്തിനുവേണ്ടി ഡിജിറ്റൽ അനലൈസർ കിറ്റ്, ഇലക്ട്രോണിക് ലൈറ്റ് വാൽവുകൾ, ലാബ് തിയേറ്ററിൽ പുതിയ ശബ്ദ സംവിധാനം എന്നിവ സ്ഥാപിച്ചു. സെനോൺ ലാബ് പ്രൊജക്ഷൻ ഏർപ്പാടാക്കി.

2. ഡി.ടി.എസ്. ശബ്ദമിശ്രണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും തിരുവല്ലം സ്റ്റുഡിയോയിൽ പുതിയ ഇഫക്ട് ഡബ്ബിംഗ് സ്റ്റുഡിയോ ആരംഭിക്കുകയും അവിഡ് എഡിറ്റിംഗ് സംവിധാനം അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു.

3. കൊച്ചിയിൽ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ഭാഗമായി ഡബ്ബിംഗ് - എഡിറ്റിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു.

4. ഔട്ട് ഡോർ വിഭാഗത്തിൽ പുതിയ പാർകിനോഫ്ളോ ലൈറ്റുകൾ വാങ്ങി ഷൂട്ടിംഗിന് നൽകിത്തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

5. താമസ സൗകര്യങ്ങൾ വിപുലപ്പെടുത്തി നവീകരിച്ചുതുടങ്ങി.

6. ഒരു എ.സി. ഷൂട്ടിംഗ് ഫ്ളോറിനുള്ള പണികൾ ധൃതഗതിയിൽ നടന്നുവരുന്നു.

7. ലാൻഡ്സ്കേപ്പും കൺവെൻഷണൽ എഡിറ്റിംഗ് വിഭാഗവും നവീകരിച്ചു. വിസ്തൃതമായ പുതിയ ഫിലിം വോൾട്ടും ഫിലിം മ്യൂസിയവും സ്ഥാപിച്ചു.

(ബി) ഉണ്ട്. സ്റ്റുഡിയോ വക സ്ഥലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഡിടിഎസ്. ശബ്ദമിശ്രണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും തിരുവല്ലം സ്റ്റുഡിയോയിൽ പുതിയ ഇഫക്ട് -ഡബ്ബിംഗ് സ്റ്റുഡിയോ ആരംഭിക്കുകയും അവിഡ് എഡിറ്റിംഗ് സംവിധാനം അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. കൊച്ചിയിൽ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ഭാഗമായി ഡബ്ബിംഗ് - എഡിറ്റിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു. ഒരു എ.സി. ഷൂട്ടിംഗ് ഫ്ളോറിനുള്ള പണികൾ ധൃത ഗതിയിൽ നടന്നുവരുന്നു.

(ഡി) ഫിലിം മ്യൂസിയം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ലബോറട്ടറി നവീകരണത്തിനുവേണ്ടി ഡിജിറ്റൽ അനലൈസർ കിറ്റ്, ഇലക്ട്രോണിക് ലൈറ്റ് വാൽവുകൾ, ലാബ് തിയേറ്ററിൽ പുതിയ ശബ്ദ സംവിധാനം എന്നിവ സ്ഥാപിച്ചു. സെനോൺ ലാബ് പ്രൊജക്ഷൻ ഏർപ്പാടാക്കുകയും ചെയ്തു. കൂടാതെ ലാബ് നവീകരണത്തിനായി ടെലിസിനി നെഗറ്റീവ് കോട്ടിംഗ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ക്വാളിറ്റി സർട്ടിഫിക്കേഷനുള്ള നടപടികളും നടന്നുവരുന്നു.

(എഫ്) ഈ വർഷം സ്റ്റുഡിയോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

1. എ.സി. ഷൂട്ടിംഗ് ഫ്ളോർ നിർമ്മാണം പൂർത്തിയാക്കും.
2. ഫിലിം സിറ്റി പദ്ധതി ഏറ്റെടുക്കും.
3. ടെലിസിനി, നെഗറ്റീവ് കോട്ടിംഗ്, ഡി.ഐ. സംവിധാനങ്ങൾ ഏർപ്പാടാക്കും.
4. ക്വാളിറ്റി സർട്ടിഫിക്കേഷൻ ലഭ്യമാക്കും.

തിരുവനന്തപുരം മൃഗശാല ആകർഷകമാക്കുവാൻ നടപടി

142 (3904) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിൽ എത്ര തരം മൃഗങ്ങളും മറ്റ് ജീവികളുമാണ് ഉള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly